## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 24** — **27/02/2017 ൽ മറുപടിക്ക്**

### വിജിലൻസ് പ്രവർത്തനം കാര്യക്ഷമമാക്കൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.എ. അഹമ്മദ് കബീർ**<br>**ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി**<br>**ശ്രീ.പി.കെ. അബ്ദു റബ്ബ്**<br>**ഡോ. എം.കെ. മുനീർ** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | വിജിലൻസ് സംവിധാനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് ഉയർന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ; | (എ)<br>(ബി)<br>&<br>(സി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിജിലൻസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും സംശുദ്ധമായ സിവിൽ സർവ്വീസും അഴിമതിരഹിത പൊതു പ്രവർത്തനവും ഉറപ്പു വരുത്തണം എന്നുള്ളതാണ് സർക്കാരിന്റെ ലക്ഷ്യം.<br>താഴെ തട്ടിലുള്ള ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പങ്കാളിത്ത അഴിമതി വിരുദ്ധ മാതൃകയായ 'വിജിലന്റ് കേരള' എന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്. ഇതിനായി രണ്ട് മൊബൈൽ ആപ്പുകൾ ആരംഭിച്ചിട്ടുണ്ട്. തൊഴിൽ, വിദ്യാഭ്യാസ മേഖലയിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്ന സംസ്കാരം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ അഴിമതി വിരുദ്ധ പ്രചരണ പരിപാടികളും നടത്തിവരുന്നു.<br>അടുത്തകാലത്തായി ബഹു.കോടതികളുടെ വിലയിരുത്തലുകളുടെ കൂടി അടിസ്ഥാനത്തിൽ വിജിലൻസ് വകുപ്പിൽ കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.<br>റിട്ട.ചീഫ് സെക്രട്ടറി ചെയർമാനായ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) | വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി ചീഫ് സെക്രട്ടറി എന്തെങ്കിലും ശിപാർശ നൽകിയിട്ടുണ്ടോ; | | |
| (സി) | ഉണ്ടെങ്കിൽ അക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ